REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നവീകരിച്ച 103 അമൃത് ഭാരത് സ്റ്റേഷനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. ചിറയൻകീഴ്, വടകര, മാഹി സ്റ്റേഷനുകളും പദ്ധതിയിൽ.**
- **എട്ട് മാസത്തിനുള്ളിൽ 100 അമൃത് സ്റ്റേഷനുകൾ കൂടി തയ്യാറാകുമെന്ന് കേന്ദ്ര റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്.**
- **രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ മന്ത്രി V ശിവൻകുട്ടി ഉച്ച കഴിഞ്ഞ് പ്രഖ്യാപിക്കും.**
- **ഇന്ന് അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം.**
- **IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് പ്ലേഓഫിൽ.**

## വാർത്തകൾ വിശദമായി

അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക സൗകര്യങ്ങളോടെ നവീകരിച്ച 103 അമൃത് ഭാരത് സ്റ്റേഷനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. രാജസ്ഥാനിലെ ബിക്കാനീറിൽ നിന്ന് വെർച്വലായാണ് ഉദ്ഘാടനം. ബിക്കാനീറിൽ 26,000 കോടി രൂപയുടെ വികസന പദ്ധതികളും പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.

കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകൾക്ക് പുറമേ മാഹി റെയിൽവേ സ്റ്റേഷനും അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

വടകരയിലെ ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, MPമാരായ ഷാഫി പറമ്പിൽ. PT ഉഷ, KK.രമ MLA തുടങ്ങിയവർ പങ്കെടുക്കും. വിപുലമായ സൗകര്യങ്ങളാണ് യാത്രക്കാർക്കായി വടകര സ്റ്റേഷനിൽ ഒരുക്കിയിരിക്കുന്നത്.

7 കോടി രൂപയുടെ വികസനപദ്ധതികളാണ് ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിൽ നടപ്പാക്കിയത്.

✪✪✪

കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരിയുടെ ഭാഗമായ മാഹിയിലെ റെയിൽവെ സ്റ്റേഷൻ യാത്രക്കാർക്ക് ഏറ്റവും മികച്ച സൗകര്യങ്ങളാണ് പ്രദാനം ചെയ്യുന്നത്. ഇന്ന് രാവിലെ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന സ്റ്റേഷൻ ആരെയും ആകർഷിക്കുന്ന വിധത്തിലാണ് നവീകരിച്ചിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ.

.........വോയ്സ്.......

16 കോടിയോളം രൂപ ചെലവഴിച്ചാണ് മാഹി റെയിൽവെ സ്റ്റേഷൻ നവീകരണം പൂർത്തിയാക്കിയത്.യാത്രക്കാർക്ക് സൗകര്യപ്രദമായ രീതിയിലുള്ള ടിക്കറ്റ് ബുക്കിംഗ് ഓഫീസ്, കൂടുൽ ടിക്കറ്റ് വിൽപന യന്ത്രങ്ങൾ, എന്നിവയക്ക് പുറമെ വിശ്രമ മുറി, ശുചിമുറികൾ, രണ്ട് പ്ലാറ്റ് ഫോമിലും ഷെൽട്ടറുകളും ഇരിപ്പിടങ്ങളും ലിഫ്റ്റ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. പുതിയ പ്രവേശന കവാടവും ദിവ്യാംഗർക്കായുള്ള സൗകര്യങ്ങളും സ്റേഷനിൽ സ്ഥാപിച്ചിട്ടുണ്ട്

സ്റ്റേഷന്റെ ഇരുവശത്തും വിശാലമായ വാഹന പാർക്കിംഗ് ഏറിയയുമുണ്ട്. മാഹി സ്റ്റേഷനിൽ ഇന്ന് രാവിലെ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണർ കെ.കൈലാസ നാഥൻ, മാഹി എം.എൽ.എ. രമേഷ് പറമ്പത്ത്, മുതിർന്ന് റെയിൽവെ ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിക്കും.

✪✪✪

എട്ട് മാസത്തിനുള്ളിൽ 100 അമൃത് സ്റ്റേഷനുകൾ കൂടി തയ്യാറാകുമെന്നും 2027-ഓടെ 500 സ്റ്റേഷനുകളുടെ പുനർവികസനം പൂർത്തിയാകുമെന്നും കേന്ദ്ര റെയിൽവെ മന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചു. നവീകരിച്ച ദേഷ്നോക്ക് അമൃത് സ്റ്റേഷൻ സന്ദർശിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് പരിപാടി ഈ മാസം 25-ന് രാവിലെ 11-ന് ആകാശവാണിയിലും, ദൂരദർശനിലും. മൻ കി ബാതിന്റെ 122-ാം പതിപ്പാണിത്. പരിപാടിയിലേക്ക് നിർദ്ദേശങ്ങളും, ആശയങ്ങളും നാളെ വരെ സമർപ്പിക്കാം. നരേന്ദ്രമോദി ആപ്പിലും, My Gov ഓപ്പൺ ഫോറത്തിലും, ടോൾഫ്രീ നമ്പറിലും ഇതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന്, 1971-ലെ ഇന്ത്യ-പാക് യുദ്ധത്തിൽ വീരമൃത്യു വരിച്ച പരമവീര ചക്ര ജേതാവ് സെക്കന്റ് ലെഫ്റ്റനന്റ് അരുൺ ഖേതർപാലിനെ അനുസ്മരിക്കുന്നു.

റിപ്പോർട്ട് ...

(വോയ്സ് ....)

മഹാരാഷ്ട്രയിലെ പൂനെ സ്വദേശി സെക്കൻഡ് ലെഫ്റ്റനന്റ് അരുൺ ഖേതർപാൽ 1971 ജൂണിലാണ് പൂനെ ഹോഴ്സിൽ ചേർന്നത്. യുദ്ധകാലത്ത്, 17 പൂന ഹോഴ്സിനെ ഇന്ത്യൻ സൈന്യത്തിന്റെ 47-ാമത് ഇൻഫൻട്രി ബ്രിഗേഡായി നിയോഗിച്ചു, ബസന്തർ നദിക്ക് കുറുകെ പാലം സ്ഥാപിക്കുക എന്നതായിരുന്നു ഇവർക്ക് നിശ്ചയിച്ച ജോലി. പാലം പൂർത്തിയാക്കിയ ശേഷം, എഞ്ചിനീയർമാരെ മൈൻ നീക്കം ചെയ്യുന്നതിന് നിയോഗിച്ചു. അതിനിടയിൽ ശത്രുവിന്റെ നീക്കത്തെക്കുറിച്ചു സൂചന ലഭിച്ച അരുൺ ഖേതർപാൽ രണ്ട് ടാങ്കുകളിലായി സൈന്യവുമായി ശത്രുവിനെ നേരിട്ടു. ആക്രമണത്തിനിടെ, രണ്ടാമത്തെ ടാങ്കിന്റെ കമാൻഡർ കൊല്ലപ്പെട്ടു. എന്നാൽ ശത്രുക്കളെ കീഴടക്കുന്നതുവരെ അരുൺ ഖേതർപാൽ ഒറ്റയ്ക്ക് ആക്രമണം തുടർന്നു. ഭീകരമായ ആക്രമണത്തിൽ പാകിസ്താന്റെ പത്ത് ടാങ്കുകൾ നശിപ്പിച്ചു. ഇതിൽ നാലെണ്ണം സെക്കൻഡ് ലെഫ്റ്റനന്റ് അരുൺ ഖേതർപാലാണ് തകർത്തത്. പിന്നീട് അദ്ദേഹത്തിന്റെ ടാങ്കിന് വെടിയേറ്റു തീപിടിച്ചെങ്കിലും ശത്രുനിരയെ നിഷ്പ്രഭമാക്കി ധീരനായ അരുൺ ഖേതർപാൽ വീരമൃത്യു വരിച്ചു.

ശത്രുവിനെ നേരിടുന്നതിൽ അസാമാന്യ ധീരതയും, സ്ഥൈര്യവും, കർത്തവ്യ നിർവഹണ സാമർത്ഥ്യവും പ്രകടിപ്പിച്ച സെക്കൻഡ് ലെഫ്റ്റനന്റ് അരുൺ ഖേതർപാലിനെ രാഷ്ട്രം അഭിവാദ്യം ചെയ്യുന്നു.

✪✪✪

ഭീകരത പാക് നയത്തിന്റെ ഭാഗമാണെന്നും ഇസ്ലാമാബാദ് എങ്ങനെയാണ് തീവ്രവാദത്തെ സ്പോൺസർ ചെയ്യുന്നതെന്ന് ലോകത്തെ അറിയിക്കുമെന്നും സഞ്ജയ് കുമാർ ഝാ MP പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ഇടപെടലുകളുടെ ഭാഗമായി വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് മുൻപ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന നടത്തുന്ന ഈ വർഷത്തെ യാത്ര സമാപിച്ചു. പുലർച്ചെ ഒന്നിന് കരിപ്പൂരിൽ നിന്ന് പുറപ്പെട്ട അവസാന വിമാനം നാലരയ്ക്ക് ജിദ്ദ വിമാനത്താവളത്തിലെത്തി. 88 പുരുഷന്മാരും 81 സ്ത്രീകളുമടക്കം 169 തീർത്ഥാടകരാണ് അവസാന സംഘത്തിലുള്ളത്. ക്യാമ്പ് സമാപന സംഗമം മന്ത്രി വി അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. ഹജ്ജ് യാത്രികർക്ക് മികച്ച സൗകര്യവും സേവനവും നൽകിയ വിമാനത്താവള ഡയറക്ടർ സിവി രവീന്ദ്രനാഥിന് ചടങ്ങിൽ ഉപഹാരം നൽകി.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ലഹരിവിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി മന്ത്രി V അബ്ദുറഹ്മാൻ നേതൃത്വം നൽകുന്ന ലഹരി വിരുദ്ധ സന്ദേശയാത്ര ഇന്ന് ഇടുക്കി ജില്ലയിൽ പര്യടനം നടത്തും. രാവിലെ രാമക്കൽ മേട്ടിൽ നിന്നാരംഭിച്ച് തൊടുപുഴയിൽ സമാപിക്കുന്ന വിധമാണ് പരിപാടിയുടെ ക്രമീകരണം.

✪✪✪

കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ജില്ലാ സ്പീഷിസ് പ്രഖ്യാപനം മറ്റന്നാൾ രാവിലെ മന്ത്രി AK ശശിന്ദ്രൻ ഭട്ട് റോഡ് ബിച്ചിലെ സമുദ്ര കമ്മ്യൂണിറ്റി ഹാളിൽ നടത്തും. സംസ്ഥാനത്ത് ആദ്യമായാണ് ജനകീയ ഇടപെടലിലൂടെ ജൈവവൈവിധ്യ പ്രതീകങ്ങളെ പ്രഖ്യാപിക്കാനൊരുങ്ങുന്നത്.

✪✪✪

ആവർത്തിക്കുന്ന തീപിടുത്തത്തിൽ നിന്നും കോഴിക്കോടിനെ രക്ഷിക്കൂ എന്ന മുദ്രാവാക്യമുയർത്തി കോഴിക്കോട് സൗത്ത് നിയോജക മണ്ഡലം യൂത്ത് കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച ജന ജാഗ്രത സദസ്സ് MK രാഘവൻ MP ഉദ്ഘാടനം ചെയ്തു. കോർപ്പറേഷന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും കെടുകാര്യസ്ഥതകളുടെ ഇരയാണ് കോഴിക്കോട് നഗരമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

KPCC ഭാരവാഹി യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. സണ്ണി ജോസഫ് അധ്യക്ഷനായ ശേഷം ചേരുന്ന ആദ്യ യോഗമാണ് ഇന്നത്തേത്.

✪✪✪

രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലങ്ങൾ മന്ത്രി V ശിവൻകുട്ടി ഉച്ച കഴിഞ്ഞ് മൂന്നിന് പ്രഖ്യാപിക്കും. ഔദ്യോഗിക വെബ്സൈറ്റുകളിലൂടെ 3.30 മുതൽ ഫലമറിയാം.

നാലു ലക്ഷത്തി നാൽപത്തി നാലായിരത്തിലധികം വിദ്യാർത്ഥികളാണ് പ്ലസ് ടു പരീക്ഷ എഴുതിയത്. 26,000 ലേറെ വിദ്യാർത്ഥികൾ VHSE രണ്ടാം വർഷ പരീക്ഷ എഴുതി.

✪✪✪

ഇന്ന് അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം. ജൈവവൈവിധ്യം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് ഐക്യരാഷ്ട്രസഭ 2000 മുതൽ എല്ലാ വർഷവും മെയ് 22 അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനമായി ആചരിക്കുന്നത്.

✪✪✪

അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 14 ജില്ലകളിലും 'പ്രകൃതിയുമായി സൗഹൃദവും സുസ്ഥിര വികസനവും' എന്ന സന്ദേശത്തിൽ വിവിധ വിഷയങ്ങളിൽ നയരൂപീകരണ ശില്പശാലകൾ നടക്കും. ഇതിന്റെ ഭാഗമായി കാസർകോട് DPC ഹാളിൽ 'അധിനിവേശ ജീവജാലങ്ങളുടെ നിയന്ത്രണവും ജൈവവൈവിധ്യ പുന:സ്ഥാപനവും' എന്ന വിഷയത്തിൽ രാവിലെ സംഘടിപ്പിക്കുന്ന ശില്പശാല ജില്ലാ കളക്ടർ K ഇമ്പശേഖർ ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രമുഖ കന്നഡ സാഹിത്യകാരിയും അഭിഭാഷകയുമായ ബാനു മുഷ്താഖ് ഈ വർഷത്തെ അന്താരാഷ്ട്ര ബുക്കർ സമ്മാനത്തിന് അർഹയായി. 12 ചെറുകഥകളുടെ സമാഹാരമായ ഹാർട്ട് ലാമ്പിനാണ് പുരസ്കാരം. ആദ്യമായാണ് ചെറുകഥാ സമാഹാരത്തിന് ബുക്കർ പ്രൈസ് ലഭിക്കുന്നത്. ലണ്ടനിൽ സംഘടപ്പിച്ച ചടങ്ങിൽ ബാനു മുഷ്താഖും പരിഭാഷക ദീപാ ഭസ്തിയും പുരസ്കാരം ഏറ്റുവാങ്ങി.

✪✪✪

IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് ഡൽഹി ക്യാപിറ്റൽസിനെ തോൽപ്പിച്ച് പ്ലേഓഫിൽ പ്രവേശിച്ചു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ ഡൽഹിയെ 59 റൺസിനാണ് അവർ തോല്പിച്ചത്. ഇതോടെ ഡൽഹി ക്യാപിറ്റൽസ് ഈ സീസണിൽ നിന്ന് പുറത്തായി.

ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തോട് അനുബന്ധിച്ച് മുഖ്യമന്ത്രി പങ്കെടുക്കുന്ന കൊല്ലം ജില്ലാ തല യോഗം ഇന്ന് യൂനസ് കൺവെൻഷൻ സെന്ററിൽ ചേരും. രാവിലെ പത്തിന് ആരംഭിക്കുന്ന യോഗത്തിൽ ജില്ലയിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുമായി മുഖ്യമന്ത്രി സംവദിക്കും. വൈകിട്ട് കൊല്ലം കന്റോൺമെന്റ് ഗ്രൗണ്ടിൽ LDF സംഘടിപ്പിക്കുന്ന ബഹുജന റാലിയിലും മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

പത്തനംതിട്ട ജില്ലയിൽ എന്റെ കേരളം പ്രദർശന വിപണന കലാമേള ഇന്ന് സമാപിക്കും. വൈകിട്ട് നാലിന് സമാപന സമ്മേളനം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

......വോയ്സ്......

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ചു പത്തനംതിട്ട ശബരിമല ഇടത്താവളത്തിൽ ഒരാഴ്ചയായി നടന്നുവന്ന 'എന്റെ കേരളം' പ്രദർശന വിപണന കലാമേളയ്ക്ക് ഇന്ന് രാത്രി സമാപനമാക്കും. വൈകിട്ട് നാലിന് നടന്ന സമാപന സമ്മേളനം ആരോഗ്യ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിക്കും. കുടുംബമായി മേള കാണാൻ എത്തുന്നവരുടെ വലിയ തിരക്കാണ് മേളയിൽ എല്ലാ ദിവസവും അനുഭവപ്പെട്ടത്. സർക്കാർ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അടുത്തറിയുക എന്ന ലക്ഷ്യത്തോടെ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളുടെയും 186 ശീതികരിച്ച സ്റ്റാളുകളാണു മേളയിൽ ഒരുക്കിയിട്ടുണ്ട്.

ഇന്നു രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 12.00 വരെ 'ലഹരിക്കെതിരെ നീയും ഞാനും' എന്നപേരിൽ സാമൂഹിക നീതി വകുപ്പിന്റെ നേതൃത്വത്തിൽ സെമിനാർ നടക്കും. തുടർന്ന് വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ വിതരണവും നടക്കും. വൈകിട്ട് 06.30 സൂരജ് സന്തോഷ് ബാൻഡ് ലൈവ് ഷോയും ഉണ്ടായിരിക്കും

✪✪✪

വടക്കൻ കേരളത്തിൽ ഇന്നും ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞജാഗ്രത പ്രഖ്യാപിച്ചു.

ഞായറാഴ്ച വരെ കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കാലവർഷ മുന്നൊരുക്കത്തിന്റെ ഭാഗമായി ഇടുക്കി ചെറുതോണി അണക്കെട്ടിൽ സ്ഥാപിച്ച സൈറണിന്റെ സാങ്കേതിക തകരാറുകൾ പരിശോധിക്കുന്നതിനു സൈറണിന്റെ ട്രയൽ റൺ രാവിലെ 11.30യ്ക്ക് നടത്തും. സൈറണുകളുടെ സാങ്കേതിക തകരാറുകൾ പരിശോധിക്കുന്നതിന് മാത്രമാണിതെന്നും പൊതുജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിക്ക് കീഴിൽ മൃഗസംരക്ഷണ വകുപ്പ് കാസർകോട് ജില്ലയ്ക്ക് പുതുതായി അനുവദിച്ച രണ്ടു മൊബൈൽ വെറ്ററിനറി യൂണിറ്റ്, ഒരു വെറ്ററിനറി സർജറി യൂണിറ്റ് എന്നിവയുടെ ഫ്ലാഗ് ഓഫ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ നിർവഹിച്ചു. നിലവിൽ കാസർകോട് കാഞ്ഞങ്ങാട് ബ്ലോക്കുകളിൽ പ്രവർത്തിച്ചു വരുന്നവയ്ക്ക് പുറമേ പരപ്പ കാറഡുക്ക ബ്ലോക്കുകളിൽ കൊന്നക്കാട് കുറ്റിക്കോൽ മൃഗാശുപത്രികൾ ആസ്ഥാനമാക്കിയാണ് പുതിയ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുക.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader : നിമിഷ ജി*
*News Team: സബിത ആനന്ദ്*
*DEO : സി കെ സുബോധ്*